Kerala Taxation Laws Amendment Act 2014 പ്രകാരം കെയ്സിന് 400 രൂപയിൽ കൂടുതൽ വാങ്ങൽ വിലയുള്ള ബിയർ & വൈൻ ഒഴികെയുള്ള വിദേശമദ്യത്തിന്റെ നികുതി നിരക്ക് 115 ശതമാനത്തിൽ നിന്നും 135 ശതമാനമായും ബിയർ & വൈനിന്റെ നികുതി നിരക്ക് 50 ശതമാനത്തിൽ നിന്നും 70 ശതമാനമായും ഉയർത്തുകയുണ്ടായി.

നികുതി നിർണ്ണയ അധികാരികളുടെ യോഗം നടത്തി പൊട്ടൻഷ്യൽ അസസ്സ്മെന്റ്, മോഡിഫൈഡ് അസസ്സ്മെന്റ് എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കാനും സി.എസ്.ടി. അസസ്സ്മെന്റുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കടപരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈംഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ടെയിൻ, ലക്ഷ്വറിബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളംബം കൂടാതെ പിരിച്ചെടുക്കുന്നതിൽ ജില്ലാകളക്ടർമാരുടെ യോഗത്തിൽ നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. നിബന്ധന കൂടാതെയുള്ള സർക്കാർ സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. തുണിത്തരങ്ങളിന്മേലുള്ള വിറ്റുവരവ് നികുതി അടയ്ക്കാത്ത തുണിസ്ഥാപനങ്ങളുടെ അസസ്സ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

"നികുതി വെട്ടിച്ച് നിർമ്മാണ സാമഗ്രികൾ കടത്തുന്നത്"

90 (3599) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികൾ ഉൾപ്പെടെയുള്ള സാധനങ്ങൾ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ നികുതി വെട്ടിച്ച് സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കടത്തുന്നത് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾ സ്വന്തം ആവശ്യങ്ങൾക്കായി സംസ്ഥാനത്തിനകത്ത് ഫാറം നമ്പർ 16 ഉപയോഗിച്ച് എത്തിച്ചതിനുശേഷം പുനർവിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് ചില മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വാണിജ്യ നികുതി വകുപ്പ് നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ അവസാനം പുറപ്പെടുവിച്ച സർക്കുലർ 3/2015 പ്രകാരം 20,000 രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണ സാമഗ്രികൾ ചെക്ക്പോസ്റ്റ് വഴി കൊണ്ടുവരുന്നതിന് ഓൺലൈനായി ഫാറം നം.16, 8F എന്നിവ നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്. മാത്രമല്ല 50,000 രൂപയ്ക്ക് മുകളിലുള്ള സാമഗ്രികൾ കൊണ്ടുവരുന്നതിന് PAN Card നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ ഫയൽ ചെയ്യുന്ന ഫാറം 16 അതത് അധികാര പരിധിയിൽ വരുന്ന ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ പരിശോധിച്ച് നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

വ്യക്തികൾ ഫാറം 16 ഉപയോഗിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയാൻ കഴിയില്ല. എന്നാൽ അവയുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വാണിജ്യ നികുതി വർദ്ധനവ്

91 (3600) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി പിരിവിൽ കഴിഞ്ഞ സർക്കാർ കാലത്തേക്കാളും എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചെക്ക്പോസ്റ്റുകളിൽ എത്ര രൂപയുടെ നികുതി ചോർച്ച കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly